**നമാമ തേ ദേവ പദാരവിന്ദം**
**പ്രപന്നതാപോപശമാതപത്രം**
**യന്മൂലകേതാ യതയോ*f*ഞ്ജസോരു**
**സംസാരദു:ഖം ബഹിരുത്ക്ഷിപന്തി (3–5–39)**
**വിശ്വസ്യ ജന്മസ്ഥിതിസംയമാർത്ഥേ**
**കൃതാവതാരസ്യ പദാംബുജം തേ**
**വ്രജേമ സർവ്വേ ശരണം യദീശ**
**സ്മൃതം പ്രയച്ഛത്യഭയം സ്വപുംസാം (3–5–43)**

ദേവതകൾ പറഞ്ഞു:
"ഞങ്ങൾ അവിടുത്തെ പാദാരവിന്ദങ്ങളെ നമിക്കുന്നു. അഭയം തേടുന്നവർക്കു ദുഖ:ശമനം നൽകുന്നതും ധ്യാനികളായ മുനിമാർക്ക് വിരസമായ ജീവിതത്തിൽ നിന്ന് മുക്തിയേകുന്നതുമാണല്ലൊ ആ തൃപ്പാദകമലങ്ങൾ. ഈ ലോകത്തിലെ ജീവജാലങ്ങൾ മൂന്നുവിധത്തിലുള്ള ആധിയാൽ മനസ്സുഖമില്ലാതെ ജീവിക്കുമ്പോൾ ശാന്തിക്കായി അവിടുത്തെ പാദങ്ങളെ പ്രാപിക്കുന്നു. വിജ്ഞാനത്തിൻെറ ഉറവിടമാണാതൃപ്പാദങ്ങൾ. ഗംഗാജലത്തെപ്പോലും പുണ്യതീർത്ഥമാക്കുന്ന വൈദികമന്ത്രങ്ങൾ ജപിച്ചുകൊണ്ട് മാമുനിമാർ ധ്യാനിക്കുന്നതും ആ കാലടികൾ തന്നെ. ഹൃദയത്തിൽ ഭക്തിനിറഞ്ഞു സംശുദ്ധമായ അവരുടെയുള്ളിൽ പരമവിജ്ഞാനവും വൈരാഗ്യവും നിറയുന്നത് അവിടുത്തെ കഥകളും മഹിമകളും കേട്ട് മനോനിയന്ത്രണം ചെയ്യാൻ കഴിയുന്നതുകൊണ്ടത്രേ. ആ പാദമലരിണയെ ഞങ്ങളും അഭയം പ്രാപിക്കുന്നു. ഭഗവൻ: സൃഷ്ടി സ്ഥിതി സംഹാരങ്ങൾക്കായി അവിടുന്ന് ദ്രവ്യവസ്തുക്കളിലേക്ക് ഇറങ്ങിവന്നിരിക്കുന്നു. സർവ്വവിധഭയങ്ങളിൽനിന്നും മോചനംകിട്ടാൻ ഞങ്ങൾ ആത്മസമർപ്പണം ചെയ്യട്ടെ. 'എൻേറത്, ഞാൻ' എന്നീ ചിന്തകൾ കൊണ്ടു ശരീരത്തോടും കുടുംബത്തോടും മാത്രം കൂറുകാട്ടുന്നവർക്ക് അപ്രാപ്യമായ ആ കാലടികളെ ഞങ്ങൾ പൂജിക്കുന്നു. പരമപുരുഷനായ ഭഗവാനേ, കളങ്കമേറ്റ വാസനകളുടെ ബലത്തിനാൽ സുഖഭോഗവസ്തുക്കളുടെ ആകർഷണത്തിൽപ്പെട്ടുപോയ മനസ്സു കാരണം അവിടുത്തെ ഭക്തരുടെ മഹിമയോ അവിടുത്തെ പാദങ്ങളെ പൂജിക്കുന്നതുകൊണ്ടുള്ള മേന്മയോ അവർക്ക് മനസ്സിലാകുന്നില്ല. എന്നാൽ ഭഗവത് കഥാമഹിമകളിൽ മനസ്സുകുളുർന്ന് ഭഗവൽപ്രേമം മനസ്സിൽനിറച്ച് വിവേകവും വൈരാഗ്യവും പരിപാലിച്ചു ജീവിക്കുന്ന ഭക്തർക്കാകട്ടെ താമസംവിനാ അങ്ങയെ പ്രാപിക്കാൻ കഴിയുന്നു. എന്നാൽ മറ്റുചിലർ ശക്തിയേറിയ മായയെ കീഴടക്കി യോഗസമാധിയിലൂടെ പരമപദത്തെ പ്രാപിക്കുന്നു. ഈ വീരന്മാരുടെ പാത തികച്ചും ദുഷ്കരമാണ്. എന്നാൽ ഭക്തദാസന്മാരുടെ വഴി ഏറ്റവും ലളിതമത്രെ.

ഭഗവാനേ, വിശ്വത്തിൻെറ അസ്ഥിത്വത്തിനായാണ് ഞങ്ങൾ ജനിച്ചിട്ടുള്ളതെന്ന് ഞങ്ങളറിയുന്നു. എങ്കിലും പരസ്പരം യോജിക്കാതെയും ബന്ധപ്പെടാതെയും ഏകത്വം മനസ്സിലാക്കാതെ ഞങ്ങൾക്കാ ഭഗവേച്ഛ നടപ്പിലാക്കാൻ കഴിയുന്നില്ല. അവിടുത്തെ ദിവ്യശക്തിയും വീക്ഷണവും തന്ന് അവിടുത്തെക്കുറിച്ച് ശരിയായ ഉൾക്കാഴ്ചയുണ്ടാവാനും ഭഗവദിച്ഛ അറിയാനും ഞങ്ങളെ അനുഗ്രഹിച്ചാലും."

* * * * *

ദേവതകൾ ശരീരത്തിനേയും മനസ്സിനേയും ഭരിക്കുന്ന ബുദ്ധിശക്തികളത്രേ. ആഗ്രഹപൂർണ്ണമായ അഹങ്കാരം ആ ബുദ്ധിശക്തികളുടെ പ്രവർത്തനത്തിൽ ഇടപെടാതെയിരിക്കുമ്പോൾ ഭഗവദിച്ഛ അവയിലൂടെ പ്രകടമാവുന്നു. അവയെ നാം പ്രകൃതിയെന്ന് വിളിക്കുന്നു.